ADMISSION OF COCHINITES TO MEDICAL COLLEGES

6. Mrs. T. Francis *(Ernakulam-Women)*: Will Government be pleased to state, in view of the contemplated opening of Medical Colleges in Trivandrum, Calicut, Madura and Guntur, whether they intend to secure seats for Cochinites in these Colleges, and if so, how many in each?

Rao Sahib C. J. Mathew *(Secretary to Government)*: The question will be considered when the colleges are actually opened.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: കൊച്ചിസംസ്ഥാനത്തു് ഡാക്ടർമാർ വളരെ കുറവാണെന്നു് ഗവമ്മെണ്ടിന്നറിയാമോ?

Rao Sahib C. J. Mathew *(Secretary to Government)*: There is dearth of medical hands.

Mr. M. K. Raja *(Mulakunnathukavu)*: May I know whether the Government have definite information that medical colleges are going to be opened at Trivandrum and Calicut?

Rao Sahib C. J. Mathew *(Secretary to Government)*: We hear that some medical colleges are being opened; I am speaking not of Trivandrum, but about other places in the Madras Province.

Mr. M. K. Raja *(Mulakunnathukavu)*: I am asking whether in the Madras Province a medical college is being opened at Calicut?

Rao Sahib C. J. Mathew *(Secretary to Government)*: When we went to Madras the other day, we met the Minister for Public Health and he said that there is a chance of colleges being started ere long.

Mr. M. K. Raja *(Mulakunnathukavu)*: What about Trivandrum?

Rao Sahib C. J. Mathew *(Secretary to Government)*: We have no information.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ഇപ്പോഴത്തെ ഡാക്ടർമാർ കുറവാണെന്നു സമ്മതിക്കുന്നുണ്ടു്. ആ നിലക്കു് നേരത്തെ കുറച്ചു് seats reserve ചെയ്തിരുന്നെങ്കിൽ കിട്ടുകയില്ലെ?

Rao Sahib C. J. Mathew *(Secretary to Government)*: We may assure the Hon'ble Member that every possible attempt is being made to get seats reserved.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, Sir, the member of seats reserved?

Rao Sahib C. J. Mathew *(Secretary to Government)*: There are four seats.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Where are they please?

Rao Sahib C. J. Mathew *(Secretary to Government)*: Two in the Medical College, Madras, and two in the Carmichael College, Calcutta.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: What are the steps taken to secure seats in the colleges please?

Rao Sahib C. J. Mathew *(Secretary to Government)*: We have addressed almost every possible college, but unfortunately no college is prepared to reserve seats.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Is it because of the conditions and terms being not agreeable to us, sir, or is it because of dearth of seats?

Rao Sahib C. J. Mathew *(Secretary to Government)*: Certainly not. We promised to do whatever is possible to get seats reserved; we promised to give any contribution they wanted, but none of the college authorities are willing to reserve seats.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will the Government consider, Sir, the desirability of attempting to start a Medical College in the State?

Mr. President: Order, order. The Hon'ble Member is wandering from the question on the paper.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ സീറ്റ് കിട്ടാൻ ശ്രമിക്കുന്നതോടുകൂടി വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ കുറെകൂടി ശ്രദ്ധപതിപ്പിക്കരുതെ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ഗവമ്മെണ്ടിന്നു് കഴിയുന്ന ശ്രദ്ധപതിപ്പിക്കുന്നുണ്ടു്.

SEATS—MEDICAL COLLEGES

7. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) മെഡിക്കൽ കോളേജിൽ പഠിക്കുന്നതിന്നായി സ്റ്റേറ്റിൽനിന്നും ഇക്കൊല്ലം എത്രപേരെ തിരഞ്ഞെടുത്തയച്ചു;

(ബി) അവർ ആരെല്ലാം;

(സി) ആകെ എത്ര അപേക്ഷകരാണ് ഇതിലേക്കുണ്ടായിരുന്നു;

(ഡി) അധ്യേതരിൽനിന്നു് ആരെങ്കിലും അപേക്ഷക്കാർ ഉണ്ടായിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ടായിരുന്നു എങ്കിൽ അവരെ തിരഞ്ഞെടുക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ; ഉണ്ടെങ്കിൽ എന്തു?

റാവുസാഹിബ്ബ് സി. ജെ. മാത്യു :

(എ)	മദ്രാസ്സ് മെഡിക്കൽ കോളേജ്	കൽക്കട്ട മെഡിക്കൽ കോളേജ്
	ക	ക
(ബി)	ക. കെ. രാമവമ്മതമ്പുരാൻ ഖ. ഫിലിപ്പ് കോഷി	ക. ഇ. സ്വാമിനാഥൻ ഖ. എം. പരമേശ്വരൻ
(സി)	ര ഖ അപേക്ഷകർ	ഖ ം അപേക്ഷകർ
(ഡി)	ഒരപേക്ഷകൻ ഉണ്ടായിരുന്നു.	ഇല്ല.
(ഇ)	പ്രത്യേകകാരണങ്ങളും ഇല്ല.	

മിസ്റ്റർ പി. ശങ്കരമേനോൻ: അതിന്നാരാണ് തിരഞ്ഞെടുപ്പ് നടത്തിയതു്.

റാവുസാഹിബ്ബ് സി. ജെ. മാത്യു: ദിവാൻജിയാണ്.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: സ്ത്രീകളുടെ അപേക്ഷകർ ഉണ്ടായിരുന്നില്ലെ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ഉണ്ടായിരുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: അധഃകൃതരിൽനിന്നുണ്ടായിരുന്ന ഒരപേക്ഷകനെ തിരഞ്ഞെടുത്തിട്ടില്ലെന്നു പറഞ്ഞു അതു് പരീക്ഷായോഗ്യത ഇല്ലാത്തതുകൊണ്ടാണോ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അല്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: പിന്നെ എന്താണ് കാരണം?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ബെനാറീസ് കോളേജിലേക്ക് രണ്ടുപേരെ അധഃകൃതരിൽനിന്നു് തിരഞ്ഞെടുത്തിട്ടുണ്ടു്. അതാണ് പിന്നെ തിരഞ്ഞെടുക്കാതിരുന്നതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ബെനാറീസിലേക്കു് തിരഞ്ഞെടുത്തതു് law course ന്നല്ലെ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അതെ.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതു് മെഡിക്കൽ course-നുള്ള അപേക്ഷയല്ലെ?

റാവുസാസഹിബ്ബ് സി. ജെ. മാത്യു: അതെ.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ഈ സ്ത്രീകളിൽ applicants ഉണ്ടായിരുന്നതിൽ ഫസ്റ്റ് ക്ലാസ്സുണ്ടായിരുന്നില്ലെ?

Rao Sahib C. J. Mathew *(Secretary to Government)*: There were three ladies who were first classes.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: അതിലൊരാളെയെങ്കിലും പറഞ്ഞയക്കാതിരുന്നതിന്റെ കാരണം എന്താണെന്നു് ഗവണ്മെണ്ടു് പറയാമൊ?

Rao Sahib C. J. Mathew *(Secretary to Government)*: At the time when we were selecting candidates, we were negotiating with the Vellore Medical College for reserving two seats for lady candidates and we were almost certain that our requirements will be sanctioned. They said they would reserve seats if the Government would contribute. Government immediately wrote that for the facilities that they were giving, we would contribute a thousand rupees per seat to the Vellore College as well, but unfortunately at a late hour when all the selections were finished, they said they could not reserve seats for these lady candidates.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ തിരഞ്ഞെടുപ്പു നടന്നസമയത്തു് മെഡിക്കൽ വകുപ്പിനു് മന്ത്രിയുണ്ടായിരുന്നില്ലെ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ശങ്കരമേനോൻ : മന്ത്രിയോട് ഇതിനെപ്പറ്റി ആലോചിക്കുകയുണ്ടായോ ?

Rao Sahb C. J. Mathew *(Secretary to Government):* But these selections, being for higher education, were dealt with in the Education Depart-ment, and not in the Medical Department, and the Education Department being under the Diwan, the Diwan made the selections.

മിസ്റ്റർ പി. നാരായണമേനോൻ : കോളേജിൽ പഠിക്കലും ഹാസ്പിറലിൽ ജോലി നോക്കുകയും ചെയ്ത ആ പരമേശ്വരൻ തന്നെയാണോ ഈ പരമേശ്വരൻ?

റാവു സാഹിബ് സി. ജെ. മാത്യു : അതെ.

മിസ്റ്റർ പി. നാരായണമേനോൻ : അങ്ങിനെ ജോലി നോക്കുന്ന സമയത്ത് ആ ഗവ മെണ്ടുദ്യോഗസ്ഥന് കോളേജിൽ പഠിക്കുവാനും സാധിക്കുമോ ?

Rao Sahib C. J. Mathew *(Secretary to Government):* That does not arise from this. That is a different matter altogether.

മിസ്റ്റർ പി. നാരായണമേനോൻ: ആ പരമേശ്വരനെ തിരഞ്ഞെടുക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ?

Rao Sahib C. J. Mathew *(Secretary to Government):* There was only a solitary case of an Ezhuva applying for admission to the Medical College and for giving prominence to all communities, that community being a major community, he was selected.

Mr. P. Sankara Menon *(Trichur-North):* അയാളുടെ കോളിഫിക്കേഷൻ എന്താണ്?

Rao Sahib C. J. Mathew *(Secretary to Government):* B. A.

Mr. P. Sankara Menon *(Trichur-North):* Subject? Economics?

Rao Sahib C. J. Mathew *(Secretary to Government):* Yes, B.A. Economics. For the Intermediate, he had the special subjects.

മിസ്റ്റർ പി. നാരായണമേനോൻ : ഒരു സമുദായത്തിൽനിന്ന് ഒരേ ഒരു അപ്ലിക്കന്റേ ഉണ്ടായിരുന്നുള്ളു എങ്കിൽ ആ ആൾക്ക് എന്തെല്ലാം ന്യൂനതകൾ ഉണ്ടെങ്കിലും ആ ആളെ തിരഞ്ഞെടുക്കുന്നതിൽ ആ ന്യൂനതകൾ ദോഷങ്ങളായി കണക്കാക്കപ്പെട്ടുകയില്ലേ ?

Rao Sahib C. J Mathew *(Secre ary to Government):* The Ezhuva community being a prominent community and in order to give due consideration to all communities, he was selected, as there was only one solitary application from that community.

മിസ്റ്റർ പി. നാരായണമേനോൻ: എന്റെ ചോദ്യം അതല്ല. ഒരേ ഒരു സമുദായത്തിൽനിന്ന് ഒരു ആൾമാത്രം അപ്ലിക്കന്റായി ഉണ്ടാകുന്ന എങ്കിൽ ആ അപ്ലിക്കന്റിന് എന്തെല്ലാം ദോഷങ്ങളുണ്ടെങ്കിലും ആ candidateന് പ്രാധാന്യം കൊടുക്കുമോ ?

Rao Sahib C. J. Mathew *(Secretary to Government):* Government never thought that he was disqualified for selection to the Medical College.

Mr. P. Sankara Menon *(Trichur-North):* Was there only one application from the Ezhuva community?

Rao Sahib C. J. Mathew *(Secretary to Government):* There was only one qualified applicant; there were two candidates; the other one was a failed Intermediate.

Mr. P. Sankara Menon *(Trichur-North):* May I know whether the Director of Public Instruction makes recommendations?

Rao Sahib C. J. Mathew *(Secretary to Government):* The Director recommends and from these recommendations selections are made.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether the Director of Public Instruction makes the selections?

Rao Sahib C. J. Mathew *(Secretary to Government):* I never said selections are made by the Director. He only makes recommendations.

Mr. P. A. Mohamad Ashrof *(Cranganur):* May I know, Sir, how many years sevice this Parameswaran has put in?

Rao Sahib C. J. Mathew *(Secretary to Government):* He has put in 17 years' service.

Mr. P. A. Mohamad Ashrof *(Cranganur):* How many years more for him to retire?

Rao Sahib C. J. Mathew *(Secretary to Government):* He is only 37.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോസ് കെ. വള്ളിസ്: അവരുടെ വയസ്സും പരീക്ഷായോഗ്യതയും പറയാമൊ?

Rao Sahib C. J. Mathew *(Secretary to Government)*: I have got it here?

1. Rama Varma Tampuran, Intermediate II Class, B.Sc. Botany and Chemsitry
2. Philip Koshi, Christian, Intermediate I Class, B.A. II Class.
3. E. Swaminathan. He is from the Chalia Community— Intermediate II Class, B.Sc.
4. Parameswaran, Intermediate II Class and B.A. Economics.

Mr. Jos K. Verghese *(Trichur-South)*: May I know the age of each?

Rao Sahib C. J. Mathew *(Secretary to Government)*: All are below 25 except Parameswasan.

Mr. P. A. Muhamad Ashrof *(Cranganur)*: What is the minimum qualification required?

Rao Sahib C. J. Mathew *(Secretary to Government)*: Intermediate.

Mr. P. A. Muhamad Ashrof *(Cranganur)*: Special subjects under Part III?

Rao Sahib C. J. Mathew *(Secretary to Government)*: Botany, Zoology.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know Sir, whether non-Cochinites, have been at any time, selected?

Rao Sahib C. J. Mathew *(Secretary to Government)*: I do not know of any.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Is it the position of the Government, Sir, that non-Cochinites have not been and will not be selected?

Mr. President: Is the Hon'ble Member asking the question with reference to the selections made this year?

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Yes, Sir.

Rao Sahib C. J. Mathew *(Secretary to Government)*: Every one of them is a Cochinite.

Mr. Puthur Achyuta Menon *(Kattur)*: May I know whether this Parameswaran was recommended by the Director?

Rao Sahib C. J. Mathew *(Secretary to Government)*: We cannot divulge the recommendations.

Mr. Puthur Achyuta Menon *(Kattur)*: May I know whether the recommendations of the Head of the Department are considered in the matter?

Rao Sahib C. J. Mathew *(Secretary to Government)*: It is always considered. Government are not bound to accpet all the recommendations of Heads of Departments. But they scrutinise the recommendations and take decisions.

Mr. Puthur Achyuta Menon *(Kattur)*: Can it be taken that he was not recommended by the Director?

Mr. President: Order, order. The recommendations made by their officers to Government cannot be disclosed.

മിസ്റ്റർ ജോസ് കെ. വള്ളിസ്: ഇവർ പാസ്സായി വരുമ്പോൾ റിട്ടയർ ചെയ്യാനുള്ള തിനു് അയ്മ്പത്തഞ്ചു വയസ്സു് എന്നുള്ളതു് അറുപത്തഞ്ചു് എന്നാക്കാൻ ഗവൺമെന്റുദ്ദേശിക്കുന്നുണ്ടോ?

Rao Sahib C. J. Mathew *(Secretary to Government)*: That question does not arise.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know whether the No. 2 Philip Koshi is a Cochinite?

Rao Sahib C. J. Mathew *(Secretary to Government)*: He is a Cochinite.

Mr. P. Govinda Menon *(Ernakulam)*: Has the Minister for Medicine nothing to do with medical education?

Rao Sahib C. J. Mathew *(Secretary to Government)*: This is only a matter of choosing candidates for higher education.

Mr. P. Govinda Menon *(Ernakulam)*: In Medicine?

Rao Sahib C. J. Mathew *(Secretary to Government)*: In Medicine, of course.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ അധീകൃതരിൽ നിന്നു് ആരെങ്കിലും ഉദ്യോഗസ്ഥന്മാരായുണ്ടോ?

റാവു സാഹിബ് സി. ജെ. മാത്യു: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അപ്പോൾ അവർക്ക് ഒരു പ്രാതിനിദ്ധ്യം കൊടുക്കാനായി ഒരു അധഃകൃതസ്ഥാനാർത്ഥിയെ തിരഞ്ഞെടുത്താൽ നന്നായിരിക്കുമെന്നു ഗവണ്മെണ്ടിനു ബോദ്ധ്യമില്ലെ ?

Rao Sahib C. J. Mathew *(Secretary to Government):* Government will certainly consider that aspect.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ വർഷത്തിൽനിന്നു ഒരേ ഒരാളെ അപേക്ഷകനായുണ്ടായിരുന്നുള്ളു, അതുകൊണ്ടാണു് തിരഞ്ഞെടുത്തതെന്നു പറഞ്ഞു. എന്തുകൊണ്ടാണു് അധഃകൃതരിൽനിന്നും ഒരേ ഒരു candidate ഉണ്ടായിരുന്നിട്ടും തിരഞ്ഞെടുക്കാതിരുന്നതു് ?

Rao Sahib C. J. Mathew *(Secretary to Government):* I have already answered that from among the Depressed Classes two candidates were selected for higher studies in the Benares University and the Government thought that this year, we shall confine it to other candidates. Next year, we will consider the question of sending a candidate to the Medical College.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Is it the position of the Government that if one more Depressed Class candidate is selected their number will be too many ?

Rao Sahib C. J. Mathew *(Secretary to Government):* No, no. Every Community must get a turn.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* May I know whether No. 1 belongs to the Royal Family ?

Rao Sahib C. J. Mathew *(Secretary to Government):* Yes, he is the member of the Ruling Family.

Mr. Puthur Achutha Menon *(Kattur):* Who is this Koshi ?

Rao Sahib C. J. Mathew *(Seretary to Governmennt):* Mr. Justice Koshi's son.

Mr. Puthur Achutha Menon *(Kattur):* May I take it that as these had to be taken, there is no place for the rest ?

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഫിലിപ്പ് കോശിയുടേയും രാമവർമ്മതമ്പുരാന്റേയും സമുദായത്തിൽ നിന്നു് ഇതിനു മുമ്പു് ആരേയും തിരഞ്ഞെടുത്തിട്ടില്ലെ?

റാവുസാഹിബു് സി. ജെ. മാത്യു: ഉണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അപ്പോൾ ആ സമുദായത്തിൽപ്പെട്ടവരെത്തന്നെ തിരഞ്ഞെടുക്കണമെന്നുണ്ടോ?

Rao Sahib C. J. Mathew *(Secretary to Government):* Every year we look to the distribution of communities also.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: കമ്മ്യൂണിറ്റി നോക്കീട്ടാണൊ ഈ കൊല്ലത്തിൽ തിരഞ്ഞെടുത്തതു്?

റാവുസാഹിബു് സി. ജെ. മാത്യു: ഈ കൊല്ലത്തിലല്ല. കഴിഞ്ഞ കൊല്ലത്തിലാണു്. We carefully consider communal interests also when we scrutinise the applications.

Mr. P. A. Muhamad Ashrof *(Cranganur):* May I take it that next year a Muslim will be selected?

Rao Sahib C. J. Mathew *(Secretary to Government):* Last year they were taken.

Mr. P. A. Muhamad Ashrof *(Cranganur):* But this year?

Rao Sahib C. J. Mathew *(Secretary to Government):* There was no Muslim candidate this year.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ പ്രാവശ്യം അപേക്ഷ അയച്ചിട്ടുള്ളവരിൽ കിട്ടാത്തവർക്കു് വരുന്നാകൊല്ലം preference കൊടുക്കുമൊ?

Rao Sahib C. J. Mathew *(Secretary to Government)* Government will consider.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Thank you, Sir.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഇപ്പോൾ തിരഞ്ഞെടുത്തിട്ടുള്ളവർ മെഡിക്കൽ കോളേജിലേക്കു് അപേക്ഷ അയച്ചിരുന്ന ആളുകളാണൊ?

Rao Sahib C. J. Mathew *(Secretary to Government):* I said they were not applicants to Medical College.

മിസ്റ്റർ പി. ടി. ജെയിക്കബ്ബ്: എം. പരമേശ്വരന്റെ പേരിൽ ശരിയായ നടപടി യെടുക്കുമെന്നു് ഗവണ്മെണ്ടു് വാഗ്ദാനം ചെയ്തതായി ഓർക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib C. J. Mathew *(Secretary to Government):* That matter is being separately investigated by the Minister.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether the cleverness of this gentleman in attending to the Government job and also taking a degree from the neighbouring college was not an additional consideration Sir, in preferring him?

Rao Sahib C. J. Mathew *(Secretary to Government):* No.

Mr. Paramel Ipe Ipe *(Kunnamkulam):* Was he a Government servant when he put in his application?

Rao Sahib C. J. Mathew *(Secretary to Government):* Yes, he was a Government servant.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അങ്ങിനെ നിയമം ലംഘിക്കുന്ന ആളെ ആണൊ ഗവ ൺമെണ്ട് നന്നാക്കാൻ നോക്കുന്നത്?

Rao Sahib C. J. Mathew *(Secretary to Government):* That has been answered so many times.

Mr. P. T. Jacob *(Latin Christians-Mattancheri):* But that has not been answered in the particular way we want it.

Mr. President: Hon'ble Members cannot always have replies in the particular way they want.

Mr. P. Sankara Menon *(Trichur-North):* Has he resigned the Job?

Rao Sahib C. J. Mathew *(Secretary to Government):* No.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether this gentleman is drawing Government pay now?

Rao Sahib C. J. Mathew *(Secretary to Government):* He is on study leave on loss of pay.

Mr. P. Kumaran Ezhuthassan *(Vadakkancheri)* Has he been granted study leave violating your own rule that study leave will not be granted?

Rao Sahib C. J. Mathew *(Secretary to Government):* It is an exemption and not a violation.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Will the Government be pleased Sir, to consider the adivisablility of making the present exemption the rule—that is to decide, that leave on loss of pay for improving one's educational qualification or technical qualification will always, as a rule, be granted?

Mr. B. V. K. Menon *(Secretary to Government):* That matter is being considered.

Mr. Parambi Lonappen *(Minister for Public Health):* After I became the Minister when this matter was brought to my notice I thought it required a deeper investigation and I am minutely considering the question whether it was appropriate on his part to have studied while he was a Government servant. The matter is under investigation by the Government and they will be closely examning it. I request the Hon'ble Members not to waste further time on this question.

Mr. Paramel Ipe Ipe *(Kunnamkulam):* What is the matter to be investigated? We know he was having collegiate studies while he was a Government servant. What are the further matters to be investigated?

Mr. Parambi Lonappen *(Minister for Public Health):* We want to know under what circumstances he was attending the College when he was a Government servant and whether he has violated any of the rules prescribing the conduct of a Government servant. All that have to be investigated carefully.

Mr. P. A. Muhamad Ashrof *(Cranganur):* Was he on leave when he attended the College?

Mr. Parambi Lonappen *(Minister for Public Health):* No, No. He was not on leave, therefore, the matter has to be throughly investigated and found out.

Mr. Puthur Achutha Menon *(Kattur):* What force worked with this Parameswaran to do all these wonders? *(Laughter).*

Mr. Parambi Lonappen *(Minister for Public Health):* There is no wonder here.

Mr. Puthur Achutha Menon *(Kattur):* There was a definite statement by the Secretary on the floor of this House that it was not the intention of the Government to make any alteration in the rule regarding study leave. A definite statement was also made by the Government to a question of mine that it was not their intention to violate the rule regarding study leave. It was made in the last session of the Council. What made the Government to make this exemption?

Mr. President: It was with the best of intentions that all this was done.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ബഹുമാനപ്പെട്ട ശ്രീ പറമ്പി ലോനപ്പൻ വൈദ്യമന്ത്രി ആകുന്നതിനുമുമ്പ് ഈ പരമേശ്വരന്റെ പേരിൽ വല്ല അന്വേഷണവും നടത്തീട്ടുണ്ടോ?

റാവു സാഹിബ്ബ് സി. ജെ മാത്യു: ഉവ്വ്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അതിന്റെ ഫലമെന്തായിരുന്നു?

Rao Sahib C. J. Mathew (*Secretary to Government*): I will explain the whole position. He was a clerk in the Trichur Civil Hospital and he was attending to his duties there from 8 to 11 in the morning and 4 to 5 in the evening and in between these hours, that is from 11 to 4 what he was doing was not known to Government. He might have been prosecuting his studies in the St. Thomas College, but so far as the Government work was concerned there was not the least interference. He attended to his duties during the hours prescribed and work was efficient so far as the hospital work was concerned.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: പിന്നെ ഇപ്പോൾ എന്തു് ഗവേഷണമാണു് നടത്തുന്നതു്?

Rao Sahib C. J. Mathew (*Secretary to Government*): As soon as the Hon'ble Minister took charge he wanted a further scruitiny to see whether any rules have been violated in attending the College.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: നിയമമെന്തെങ്കിലുമായി ആലോചിച്ചിട്ടാണോ ഈ അന്വേഷണം നടത്തുന്നതു്.

Rao Sahib C. J. Mathew (*Secretary to Government*): The matter is under investigation

മിസ്റ്റർ വി. കൃഷ്ണനെഴത്തശ്ശൻ: എന്താണു് ഈ ഇൻവെസ്റ്റിഗേഷൻ?

Rao Sahib C. J. Mathew (*Secretary to Government*): We are not at a stage when it is possible to divulge the information.

Mr. P. A. Muhamad Ashrof (*Cranganur*): Is he a part-time Government servant?

Rao Sahib C. J. Mathew (*Secretary to Government*): No. But the hours of work were 8 to 11 and 4 to 5.

Mr. P. A. Muhamad Ashrof (*Cranganur*): Then how did he attend the college?

Rao Sahib C. J. Mathew (*Secretary to Government*): That is a mystery that is being investigated.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: സർക്കാർ ഉദ്യോഗസ്ഥന്മാർ ഓഫീസ് മണിക്കൂറും സർക്കാർ ഉദ്യോഗസ്ഥന്മാരാണോ, അതോ ആഫീസ്സിൽ പോകുന്ന സമയം മാത്രം സർക്കാരുദ്യോഗസ്ഥന്മാരാണോ?

Rao Sahib C. J. Mathew (*Secretary to Government*): It is hypothetical question.

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഏതെങ്കിലും ഗവണ്മെണ്ടുദ്യോഗസ്ഥൻ ഉദ്യോഗത്തിലിരിക്കുന്ന കാലത്തു് മറ്റെന്തെങ്കിലും ജോലിയിൽ ഏർപ്പെടുവാൻ വ്യവസ്ഥയില്ലെന്നാണോ പറയുന്നതു്?

Rao Sahib C. J. Mathew (*Secretary to Government*): Certainly he cannot be employed but here, there is no question of employment.

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: പഠിക്കാമോ?

Rao Sahib C. J. Mathew (*Secretary to Government*): The point is this, whether it was right on his part to have attended the College. That question is being investigated.

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഇതിനെപ്പറ്റി ഇതുവരെ അന്വേഷണം നടത്തിയതുകൊണ്ടു് ഒരു തീരുമാനം ചെയ്യാൻ സാധിച്ചിട്ടില്ലെന്നാണോ പറയുന്നതു്?

റാവു സാഹിബ്ബ് സി. ജെ. മാത്യു: തീരുമാനത്തിൽ എത്തിയിട്ടില്ലെന്നാണു് പറഞ്ഞതു്.

Mr. V. R. Krishnan Ezhuthassan (*Oorakam*): Sir, I want a ruling on my question whether it is a hypothetical question or not?

Rao Sahib P. V. Raphael (*Comptroller of Finance and Accounts*): Government servants are Government servants for all the 24 hours in the sense that at any time their services can be called for if necessity arises. That is all what it means. Official hours are 11 to 5.

Mr. Puthur Achutha Menon (*Kattur*): May I know whether there were other applications for study leave.

Rao Sahib C. J. Mathew (*Secretary to Government*): There may have been other applications.

LIBRARY ARCHIVES Kerala Legislative Assembly

Mr. Puthur Achutha Menon *(Kattur)*: Has any application been allowed violating the rule?

Rao Sahib C. J. Mathew *(Secretary to Government)*: I want notice.

Mr. P. K. Dewer *(Nominated)*: May I know whether he attended to office work regularly?

Rao Sahib C. J. Mathew *(Secretary to Government)*: Yes. He did.

മിസ്റ്റർ ജോസ് കെ. വട്ടിസ്: ഈ പരമേശ്വരൻ മദ്രാസിലേക്കൊ, കൽക്കട്ടയിലേക്കൊ apply ചെയ്തിരുന്നതു്.

റാവു സാഹിബ്ബ് സി. ജെ. മാത്യു: മദ്രാസ്സിലേക്കു്.

മിസ്റ്റർ ജോസ് കെ. വട്ടിസ്: അയച്ചതു് എവിടേക്കാണു്?

റാവു സാഹിബ്ബ് സി. ജെ. മാത്യു: കൽക്കട്ടക്കു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ മദ്രാസ്സിലേക്കു് ആവശ്യപ്പെട്ട ആൾ എങ്ങിനെ കൽക്കട്ടക്കു് പോയി.

Rao Sahib C. J. Mathew *(Secretary to Government)*: At first Government selected him for the Madras College. Subsequently Government thought he might be sent to Calcutta.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Was it at his request, Sir?

Rao Sahib C. J. Mathew *(Secretary to Government)*: Mr. Philip Koshi, Mr. Koshi's son, was first selected to Calcutta and Mr. Parameswaran to Madras. Later on, Justice Mr. Koshi requested the Government to kindly reconsider the case of his son as he was not in perfect health and he made a request to Government that his son might be sent to Madras. The Government agreed to that request and Mr. Koshi's son was taken to Madras College and his place was given to Mr. Parameswaran.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Did Mr. Parameswaran of these heroics apply, Sir, that he may be sent to Calcutta?

Rao Sahib C. J. Mathew *(Secretary to Government)*: No.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Was it not, Sir, a case of his accepting at least the Calcutta College when he was asked to go to that side. Was it a willing one?

Rao Sahib C. J. Mathew *(Secretary to Government)*: He was agreeable to go to Calcutta.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: That is under compulsion or necessity.

Rao Sahib C. J. Mathew *(Secretary to Government)*: No, not under compulsion.

Mr. V. R. Krishnan Ezhuthassan *(Oorakam)*: Is it a fact that Mr. Koshi's son is not in perfect health?

Rao Sahib C. J. Mathew *(Secretary to Government)*: He said he would prefer to go to Madras particularly in view of his health.

Mr. President: I suggest that Hon'ble Members need not spend further time on this question.

മിസ്സിസ് ടി. ഫ്രാൻസിസ്: മദ്രാസ് കോളേജിൽ ഒരു സീറെങ്കിലും റിസർവ്വ് ചെയ്യാമായിരുന്നില്ലേ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അതു് ആദ്യം കിട്ടുമെന്നായിരുന്നു വിചാരിച്ചതു്. പിന്നീടാണു് കിട്ടുകയില്ലെന്നു മനസ്സിലായതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: കോളേജുകളിൽ സാധാരണ സീറ്റുകൾക്കായി അപേക്ഷിക്കുന്നതു് കാളേജ് തുറന്നിട്ടാണോ?

Rao Sahib C. J. Mathew *(Secretary to Government)*: There is no definite information from Madras Government that they are going to Start a College at Calicut, at a particular time. It has not been opened yet.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇപ്പോൾ മദ്രാസ്സ് ഗവൺമെണ്ടു് എവിടെയൊക്കെയാണു് കോളേജു് സ്ഥാപിക്കാൻ നോക്കുന്നതു്?

റാവു സാഹിബ്ബ് സി. ജെ. മാത്യു: കോയമ്പത്തൂർ, വെല്ലൂർ, കോഴിക്കോട്ടു് എന്നിവിടങ്ങളിലാണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ആ കോളേജുകളിൽ സീറ്റുകൾക്കവേണ്ടി ശ്രമിക്കുന്നുണ്ടോ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അതിനെക്കുറിച്ചാലോചിക്കുന്നുണ്ടു്.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: തിരുവിതാംകൂറിനു് വെല്ലൂർ മെഡിക്കൽ കോളേജിൽ നിന്നു് എത്ര സീറ്റു് റിസർവ്വ് ചെയ്യിട്ടുണ്ടെന്നു് ഗവൺമെണ്ടിനു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib C. J. Mathew *(Secretary to Government)*: They have definitely stated that they have not agreed to reserve seat for any province and any State in India.

Mr. K. T. Achuthan *(Mukundapuram-Ezhuvas)*: So Cochinites can also apply.

Rao Sahib C. J. Mathew *(Secretary to Government)*: There are already five Lady students there.

മിസ്സസ്സ് ടി. ഫ്രാൻസിസ്സ്: അതു് ഗവമ്മെണ്ടിന്റെ അറിവു കൂടാതെ ചേന്നിട്ടുള്ളതല്ലേ.

Rao Sahib C. J. Mathew *(Secretary to Government)*: They are taking in students independently of Government and among the students now studying there are 5 from Cochin.

VELLORE MEDICAL COLLEGE FOR WOMEN—SEATS IN

8. Mrs. T. Francis *(Ernakulam-Womens)*: Will Government be pleased to state.—whether they have tried to secure any seats for the candidates of Cochin State in the Vellore Medical College for Women, and if so, how many ?

Rao Sahib C. J. Mathew *(Secretary to Government)*:

Yes; the Government asked for the reservation of 2 seats. But the College authorities refused to make any reservation.

BUS FARE—RAISING ON ACCOUNT OF INCREASED TRAFFIC

9. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നു സദയം മറുപടി പറയുമോ.—

ട്രാഫിക്കു കൂടുതലുള്ള അവസരങ്ങളിൽ fare കൂട്ടുന്ന സമ്പ്രദായം തിരുവിതാംകൂറിലോ മദിരാശി സംസ്ഥാനത്തോ നടപ്പുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: പ്രധാനപ്പെട്ട ഉത്സവക്കാലങ്ങളിൽ കൂലിനിരക്കു കൂട്ടുന്നതിനെ ഉദ്ദേശിച്ചാണു് ചോദ്യമെങ്കിൽ ഈ സമ്പ്രദായം തിരുവിതാംകൂറിൽ നടപ്പുണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഏതെല്ലാം ഉത്സവങ്ങൾക്കുണ്ടു്.

മിസ്റ്റർ ബി. വി. കെ. മേനോൻ: പൂരത്തിനുണ്ടാകാറുണ്ടു്. അതുപോലെ അധികം ആളുകൾ കൂടുന്ന മറ്റു് ഉത്സവങ്ങൾക്കും അങ്ങിനെ കൂട്ടാറുണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എത്ര ഇരട്ടിയാണു് കൂട്ടുക?

മിസ്റ്റർ ബി. വി. കെ. മേനോൻ: ൫൦ %.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എത്ര ദിവസത്തേക്കാണു് ഇങ്ങിനെ കൂട്ടുക പതിവു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: സാധാരണയായി ആ ഉത്സവങ്ങൾക്കു് രണ്ടുദിവസം മുമ്പും ഉത്സവങ്ങൾ കഴിഞ്ഞു് രണ്ടുദിവസത്തേക്കുമാണു് പതിവു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: സാധാരണ സർവ്വീസ്സു ബസ്സുകൾക്കാണോ, അതൊ സ്പെഷൽ ബസ്സുകൾക്കു് മാത്രമാണോ ഈ ചാർജ്ജു് കൂട്ടുന്നതു്.

മിസ്റ്റർ ബി. വി. കെ. മേനോൻ: ആ സമയത്തു് എല്ലാ ബസ്സുകൾക്കും ചാർജ്ജു് കൂട്ടും.

മിസ്റ്റർ പി. കെ. ഡീവർ: എന്താണു് അതിനു് കാരണം?

മിസ്റ്റർ ബി. വി. കെ. മേനോൻ: മടക്കം ടിപ്പിനു് ആൾ ഉണ്ടായിരിക്കയില്ല. ആ നഷ്ടം പരിഹരിക്കാൻ വേണ്ടിയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊടുങ്ങല്ലൂർ ഭരണിയുത്സവം മറ്റുത്സവങ്ങളുടെ മാതിരിയാണൊ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ചോദ്യം മനസ്സിലായില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊടുങ്ങല്ലൂർ ഭരണിഉത്സവം മറ്റു ഉത്സവങ്ങളുടെ കൂട്ടത്തിൽ പെട്ടിട്ടുള്ളതാണൊ? ഇതു കൂടുതൽ ദിവസം ഉണ്ടായിരിക്കുമെന്നു് ഗവർമ്മെണ്ടിനറിയാമൊ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതു കുറച്ചു ദിവസത്തേക്കുണ്ടായിരിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അപ്പോൾ മടങ്ങിവരുന്ന ബസ്സിൽ ആളുകൾ ധാരാളം ഉണ്ടായിരിക്കയില്ലെന്നു് പറയാൻ കഴിയുമൊ?

മിസ്റ്റർ ബി. വി. കെ. മേനോൻ: കുറച്ചാളുകൾ ഉണ്ടായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly